നം. എച്ച്.1/43308/17/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 07/06/2017.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - സ്കൂൾ പ്രവേശനം റ്റി.സി. ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജി.ഒ.(പി) നം.100/2011/പൊ.വി.വ., തീയതി 30/04/2011.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില വിദ്യാലയങ്ങളിൽ നിന്നും പൊതു വിദ്യാലയങ്ങളിലേക്ക് പ്രവേശനം ആവശ്യപ്പെടുന്ന കുട്ടികൾക്ക് സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് സ്കൂൾ അധികൃതർ ടി.സി. നിഷേധിക്കുന്നതായും അമിതമായ ഫീസ് അടിച്ചേൽപ്പിക്കുന്നതായും പരാതി ലഭിച്ചിരിക്കുന്നു. ടി.സി. ആവശ്യപ്പെടുന്ന ഏതൊരു കുട്ടിക്കും വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ **5 (2), (3)** അനുശാസിക്കും പ്രകാരം പ്രസ്തുത സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ഉടൻ തന്നെ ടി.സി. നൽകേണ്ടതുണ്ട്. ഇത്തരത്തിൽ കുട്ടികൾക്ക് ടി.സി. ലഭ്യമാകുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും സ്കൂൾ അധികൃതർ ടി.സി. നിഷേധിക്കുന്നതായോ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സ്കൂളിന്റെ അംഗീകാരം റദ്ദാക്കുന്നതിലേക്ക് സൂചന ഉത്തരവ് ചട്ടം **15** പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രധാനാദ്ധ്യാപകർക്കും
   (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)
4. കരുതൽ ഫയൽ.

Js 07/06